**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3511** **08-10-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി റവന്യൂ കാർഡ് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതലാണ് ഇത് നിലവിൽ വരുന്നത്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. 2025 നവംബർ മുതലാണ് ഡിജിറ്റൽ റവന്യൂ കാർഡ് നിലവിൽ വരുത്തുവാൻ റവന്യൂ വകുപ്പ് ഉദ്ദേശിച്ചിരിക്കുന്നത്. |
| (ബി) | പുതുതായി പുറത്തിറക്കുന്ന റവന്യൂ കാർഡിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്നും എവിടെയാണ് ഇതിന് അപേക്ഷിക്കേണ്ടതെന്നും വിശദമാക്കാമോ? | (ബി) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയുടെ ഭൂസംബന്ധവും വ്യക്തി സംബന്ധവുമായ വിവരങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ സ്മാർട്ട് ആയ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ സംവിധാനം ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിച്ച് റവന്യൂ രേഖകളുടെ ഭാഗമാക്കിയ വില്ലേജുകളിലാണ് ഈ കാർഡ് നൽകുന്നതിനുള്ള നടപടി ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവ്വേ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനത് ലാൻഡ് പാർസൽ ഐ.ഡി. (Unique Land Parcel ID) നൽകുകയും, ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ ഡി ഉപയോഗപ്പെടുത്തി 10 ഡിജിറ്റ് വരുന്ന യുണീക്ക് നമ്പരിലൂടെ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാകത്തക്ക വിധമാണ് ഡിജിറ്റൽ റവന്യൂ കാർഡ് തയ്യാറാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതി നടപ്പിലാകുമ്പോൾ ടി പദ്ധതിയ്ക്കായുള്ള ഡൊമൈൻ ഐ.ഡി വഴി ഡിജിറ്റൽ റവന്യൂ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഡിജിറ്റൽ റവന്യൂ കാർഡ് സംവിധാനം നടപ്പിലാക്കുന്നതോടെ ഒരു വ്യക്തിക്ക് വിവിധ സാക്ഷ്യപത്രങ്ങൾക്ക് വേണ്ടി റവന്യൂ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാകും. |

സെക്ഷൻ ഓഫീസർ